യിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ഇന്നുള്ള നിയമത്തിന്റെ തണലിൽ അതിനു പരിയായി എന്തെല്ലാം പ്രത്യേക സംവിധാനമാണ് ഈ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. ജെ. ചാക്കോ: സിവിൽ സപ്ലൈസ് ഡിപ്പോകളിൽ നിന്നാണ് കേരള സ്റ്റോറുകളിലേക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നത്. പക്ഷേ യഥാസമയം സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേരള സ്റ്റോറുകളിലേക്ക് സാധനങ്ങൾ എത്തിക്കാത്തതുമൂലം കരിഞ്ചന്തക്കാരേയും ഓപ്പൺ മാർക്കറ്റുകാരേയും ആശ്രയിക്കേണ്ട ഗതികേട് കേരള സ്റ്റോറുകൾക്കു വന്നതുകൊണ്ട് ജില്ലാ ഡിപ്പോകളും താലൂക്ക് ഡിപ്പോകളും എത്രയും വേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: കേരള സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ള എല്ലാ താലൂക്ക് ഹെഡ്കാർട്ടേഴ്സുകളിലും സബ് ഡിപ്പോകൾ ആരംഭിക്കുന്നതാണ്.

ശ്രീ. വട്ടിയൂർക്കാവ് രവി: സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു ഡിപ്പോ തിരുവനന്തപുരത്തു സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ പ്രത്യേകജനബാഹുല്യം കണക്കിലെടുത്ത് അടിയന്തിരമായി ഒരു ഡിപ്പോകൂടി തുറക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ഇപ്പോൾതന്നെ ഡിപ്പോകൾ ആവശ്യത്തിനുണ്ട്. അതുകൂടാതെ കേരള സ്റ്റോർ മുനിസിപ്പൽ അതിർത്തികളിലും കോർപ്പറേഷനുകളിലുമെല്ലാം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

സ്കൂൾ കെട്ടിട നിർമ്മാണത്തിനായി നടത്തിയ ലോട്ടറി

*26 [28] ശ്രീ. ടി. കെ. അബ്ദു:
,, പി. കരുണാകരൻ:
,, പിണറായി വിജയൻ:
,, എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ ലോട്ടറി നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ഈ ഇനത്തിൽ എന്തു തുക സമാഹരിച്ചു;

(സി) ഈ തുക വിനിയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ പണിതോ;

(ഡി) എങ്കിൽ എവിടെയെല്ലാം?

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഉണ്ടായി.

(ബി) 28,01,940 രൂപ (ഇരുപത്തിയെട്ടു ലക്ഷത്തി ആയിരത്തി തൊള്ളായിരത്തി നാൽപ്പതു രൂപ).

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുവരെ ഈ തുക വിനിയോഗിച്ച് പണിയാരംഭിച്ചിട്ടില്ല. ഈ തുക രണ്ടാമത്തെ അടങ്കലിൽ അധികമായി വകകൊള്ളിക്കാൻ നടപടി എടുത്തുവരുന്നു.

(ഡി) 'സി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. അബ്ദു: പുതിയ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുവേണ്ടി ഇനിയും ഈ ലോട്ടറി തുടർന്നു നടത്തണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ടി. കെ. അബ്ദു: ഇങ്ങനെ സംഭരിച്ച പണം ഗ്രാമപ്രദേശങ്ങളിൽ ഇന്ന് സ്കൂളുകൾ പൊളിഞ്ഞ് വിദ്യാഭ്യാസം നടക്കാതിരിക്കുന്ന അനവധി സ്കൂളുകൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട് കെട്ടിടം നിർമ്മിക്കുന്നതിന് ഉടൻ അനുവാദം നൽകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: സ്കൂൾ കെട്ടിടങ്ങൾ കെട്ടുന്നതിനും മുൻഗണനാ ലിസ്റ്റുണ്ട്, അതനുസരിച്ച് ചെയ്യും.

ശ്രീ. പി. കരുണാകരൻ: മുമ്പ് സ്കൂൾ കെട്ടിടങ്ങൾ കെട്ടുന്നിടത്ത് പതിനയ്യായിരവും ഇരുപത്തയ്യായിരവും രൂപ അതാതു സ്ഥലങ്ങളിൽ നിന്ന് കെട്ടിവയ്ക്കണമെന്നുണ്ടായിരുന്നു. അങ്ങനെ കെട്ടിവച്ച പല സ്ഥലങ്ങളിലും ഇനിയും സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടില്ല. ലോട്ടറിയിൽ നിന്നുള്ള പണം സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി വിനിയോഗിക്കുമ്പോൾ ഇങ്ങനെ പണം കെട്ടിവച്ച സ്കൂളുകൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകാൻ തയ്യാറാകുമോ?

ശ്രീ. എസ്. വരദരാജൻ നായർ: അതിന് മുൻഗണന കൊടുക്കാനുള്ള ഏർപ്പാടുണ്ട്. രൂപ കെട്ടിവച്ചിട്ടുള്ളവർക്ക് മുൻഗണന കൊടുക്കുന്ന ഏർപ്പാടുമുണ്ട്.

ശ്രീ. പി. കരുണാകരൻ: ഇത് അഞ്ചാറുവർഷങ്ങൾക്കുമുമ്പ് നടന്ന സംഭവമാണ്. അതിനുശേഷം സ്കൂൾകെട്ടിടങ്ങൾ ഗവൺമെന്റുണ്ടാക്കിയിട്ടുണ്ട്. എന്നാൽ പണംകെട്ടിവച്ച പലസ്ഥലത്തും നിർമ്മിച്ചിട്ടില്ല. അതുകൊണ്ട് ഈ തുക പൂർണ്ണമായും പണംകെട്ടിവച്ച സ്ഥലങ്ങളിൽ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുവാൻവേണ്ടി വിനിയോഗിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ഈ തുകകൊണ്ടുമാത്രം സ്കൂൾ കെട്ടാൻ തികയുകയില്ല. പൊതുവേയുള്ള പണത്തിന്റെകൂടെ ചേർത്ത് മുൻഗണനാക്രമം അനുസരിച്ച് കെട്ടിടങ്ങൾ കെട്ടും.

ശ്രീ. പിണറായി വിജയൻ: ഈ തുക ഉപയോഗിച്ച് ഇതേവരെ ഒരു കെട്ടിടവും പണിതിട്ടില്ല. എന്തുകൊണ്ടാണ് ഈ തുക ഉപയോഗിക്കാതിരുന്നത്; കെട്ടിടങ്ങൾ ആവശ്യമില്ലാത്തതുകൊണ്ടാണോ?

ശ്രീ. എസ്. വരദരാജൻ നായർ: ഞാൻ പറഞ്ഞതു ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. ഇത് ജനറൽ ഫണ്ടിലേക്ക് മാറ്റിയിട്ട് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കെട്ടിടം നിർമ്മിക്കുവാനുള്ള അലോട്ട്മെന്റ് കൂട്ടി അതിന്റെ ക്രമം അനുസരിച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയൻ: ഈ തുക വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനു കൊടുക്കൽ ഏതുകാലമാകുമ്പോഴേ പൂർത്തിയാകുമെന്നാണ്?

ശ്രീ. എസ്. വരദരാജൻ നായർ: കാലമൊന്നുംവേണ്ട, പൂർത്തിയായിക്കഴിഞ്ഞു.

ശ്രീ. എൻ. വാസുദേവൻ പിള്ള: കെട്ടിടനിർമ്മാണത്തിനുവേണ്ടി ലോട്ടറി നടത്തി, ഇപ്പോഴേ വേണമോ വേണ്ടയോ എന്നു തീരുമാനിച്ചുകൊണ്ടിരിക്കുന്ന സമയമാണ്. ഈ ആവശ്യത്തിനുവേണ്ടി ലോട്ടറിയിൽനിന്നും എത്ര തുക പിരിഞ്ഞുകിട്ടി എന്നുള്ള കണക്ക് വ്യക്തമാക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ഞാൻ പറഞ്ഞത് അറ്റാദായമാണ്. മൊത്തം 58,70,402 രൂപ പിരിഞ്ഞിട്ടുണ്ട്.

ശ്രീ. പി. സി. ജോസഫ്: ഇപ്പോഴേ നടത്തിയ ലോട്ടറി കൂടാതെ ഇനി നടത്താൻ ഉദ്ദേശിച്ചിട്ടില്ലെന്ന് മന്ത്രി പറയുകയുണ്ടായി. പിരിഞ്ഞുകിട്ടിയ തുകയും വെളിപ്പെടുത്തുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ ആവശ്യവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ വളരെ ചെറിയ തുക മാത്രമേ പിരിഞ്ഞുകിട്ടിയിട്ടുള്ളൂ എന്നുള്ളത് വ്യക്തമാണ്. ഈ സാഹചര്യത്തിൽ സ്കൂൾ കെട്ടിടങ്ങൾ പണിയാൻ എന്തെങ്കിലും പരിപാടികൾ പുതുതായി ആവിഷ്കരിക്കുവാൻ ഉദ്ദേശമുണ്ടോ? അല്ലെങ്കിൽ ഈ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ ഈ അനാഥാവസ്ഥയിൽ തുടരുകയെന്നുള്ളതാണോ ഗവൺമെൻറിൻെറ നയം?

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് ഉപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ കെട്ടാൻ കഴിയുമോ എന്ന നിലയിലുള്ള ഒരു സ്കീം ഗവൺമെൻറിൻെറ സജീവമായ പരിഗണനയിലാണ്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ജീർണ്ണിച്ച് താഴെ വീഴാറായ എത്ര സ്കൂൾകെട്ടിടങ്ങളുണ്ടെന്നു കണക്കാക്കിയിട്ടുണ്ട്, ഇതിനുവേണ്ടി എന്തു തുക വേണമെന്ന് കണക്കാക്കിയിട്ടുണ്ട്. 28 ലക്ഷം രൂപ ഉപയോഗിച്ച് അങ്ങനെയുള്ള കെട്ടിടങ്ങൾ പുതുക്കിപ്പണിയാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: ഗവൺമെൻറിൻെറ മുൻഗണനാലിസ്റ്റിൽ ജീർണ്ണിച്ച സ്കൂളുകൾക്കാണ് മുൻഗണന കൊടുത്തിട്ടുള്ളത്. 28 ലക്ഷം രൂപ അലംപം ചില സ്കൂളുകൾക്കു മാത്രമേ മതിയാകൂ. ബാക്കിയുള്ളത് കെട്ടിടങ്ങൾക്കുള്ള ഫണ്ടിൽനിന്നും നിർവ്വഹിക്കുന്നതാണ്. പക്ഷേ ആകെയുള്ള ആവശ്യവും ഈ തുകയും തമ്മിൽ യാതൊരു സാമ്യവുമില്ല.

ശ്രീ. പി. ആർ. ശിവൻ: ലോട്ടറിവഴി കിട്ടിയ തുക ജനറൽ ഫണ്ടുമായി സംയോജിപ്പിക്കുമെന്നു പറഞ്ഞു. അങ്ങനെ ചെയ്യുമ്പോൾ കോതമംഗലത്തെ വളരെ ശോചനീയാവസ്ഥയിലുള്ള പല്ലാരിമംഗലം സ്കൂൾകെട്ടിടത്തിനു മുൻഗണന കൊടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: ഓരോ സ്കൂളിൻെറയും കാര്യം ഇവിടെ ചർച്ചാവിഷയമാക്കിയാൽ പറ്റുകയില്ല. ഏതായാലും ബഹുമാനപ്പെട്ട മെമ്പറുടെ നിവേദനം ഗവൺമെൻറ് ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വാമദേവൻ: ഈ ലോട്ടറിയുമായി നിസ്സഹകരിക്കണമെന്ന് ഏതെങ്കിലും അദ്ധ്യാപക സംഘടന ആഹ്വാനം നൽകിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും അദ്ധ്യാപകർ നിസ്സഹകരിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എസ്. വരദരാജൻ നായർ: നിസ്സഹകരണം ഉണ്ടായിട്ടില്ലെങ്കിലും വലിയ സഹകരണം ഉണ്ടായിരുന്നില്ല.

ശ്രീ. പി. പി. എസ്തോസ്: സ്ക്കൂൾ കെട്ടിടനിർമ്മാണരംഗത്ത് റൂറൽ മാൻപവ്വർ സ്കീം അനുസരിച്ച് എറണാകുളം ജില്ലയിൽ പ്രായോഗികമായി ചിലതു നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക ഏജൻസിയെന്ന നിലയിൽ വികസനരംഗത്ത് ഈ ഏജൻസിയെ ഉപയോഗിച്ചുകൊണ്ട് സ്ക്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള നടപടിയെ സംബന്ധിച്ച് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കാനുള്ള സ്കീം ഉണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: ഇപ്പോഴത്തന്നെ ആർ. എൻ. പി. സ്കീം അനുസരിച്ച് സ്ക്കൂൾകെട്ടിടങ്ങൾ ചെയ്യാനുള്ള പരിപാടിയുണ്ട്. അത് വിജയകരമായി എറണാകുളം ജില്ലയിലും ഏതാണ്ട് വിജയകരമായീ മറ്റു ജില്ലകളിലും നടന്നിട്ടുണ്ട്.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഈ 28 ലക്ഷം രൂപ ജനറൽ ഫണ്ടിലേക്ക് കൊണ്ടുവന്നിട്ട് എത്ര മാസമായി; ഈ പണം ഉപയോഗിച്ച് കെട്ടിടങ്ങൾ കെട്ടിത്തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്ക്കൂൾ അധികൃതരും നാട്ടുകാരും ആവശ്യക്കാരായി മുന്നോട്ടുവരാത്തതുകൊണ്ടാണോ?

ശ്രീ. എസ്. വരദരാജൻ നായർ: മാസങ്ങളും ദിവസങ്ങളൊന്നുമില്ല. അതിന് ചില നടപടിക്രമമുണ്ട്. ആ നടപടിക്രമം അനുസരിച്ച് ജനറൽ ഫണ്ടിലേക്ക് മാറ്റി. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് പൊതുവായി ആലോചിച്ച പ്രയോറിട്ടി ലിസ്റ്റ് അനുസരിച്ച് കെട്ടും. അതിന്റെ തീയതി ചോദിച്ചാൽ വിഷമിക്കും.

നെല്ലിന്റെ താങ്ങുവില

* 27 [29] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ താങ്ങുവില വിരിപ്പു വിളയ്ക്ക് വർദ്ധിപ്പിച്ചു കൊടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വർദ്ധിപ്പിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(സി) താങ്ങുവിലനൽകി കർഷകരിൽനിന്ന് നെല്ല് സംഭരിക്കുന്ന പരിപാടിയനുസരിച്ച് ഇതുവരെയായി ഒട്ടാകെ എത്ര ടൺ നെല്ല് ഗവൺമെന്റ് സംഭരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly